കാലയളവിൽ പി.എച്ച്.സി. കളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിലുള്ള ശമ്പളചെലവ് വഹിക്കാനായി 125 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി 25 ലക്ഷം രൂപയും വകകൊള്ളിച്ചിരിക്കുന്നു.

റീജിയണൽ ക്യാൻസർ സെന്റർ നൽകിയ പരസ്യം

139 (797)ശ്രീ. എം. മുരളി :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റീജിയണൽ ക്യാൻസർ സെന്റർ ഓരോ വർഷവും എന്ത് തുകയ്ക്ക് വീതമുള്ള പരസ്യം നൽകുകയുണ്ടായി;

(ബി) ഈ പരസ്യങ്ങൾ നൽകിയത് ഏതെല്ലാം പരസ്യ കമ്പനികളോ ഏജൻസികളോ വഴിയാണ്;

(സി) ഈ പരസ്യ കമ്പനിയുടേയോ ഏജൻസികളുടെയോ ഉടമകൾ ആരെല്ലാമാണ്;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷവും ഓരോ പത്രമാദ്ധ്യമങ്ങൾക്കും പരസ്യയിനത്തിൽ എന്തു തുക വീതം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 1996-97 - 4,68,378.50 രൂപ
1997-98 - 84,694.00 രൂപ
1998-99 - 8,499.50 രൂപ
1999-2000 - 45,212.00 രൂപ

(ബി) ഗാമാസ് അഡ്വർടൈസിംഗ് തിരുവനന്തപുരം, ഡി.സി.ഡി. ന്യൂസ് തിരുവനന്തപുരം എന്നീ ഏജൻസികൾ വഴിയാണ് പരസ്യം നൽകിയത്.

(സി) ഉടമകളുടെ പേരുവിവരങ്ങൾ അറിവില്ല.

(ഡി) 1996-97 മുതൽ 1999-2000 വരെയുള്ള വിവരങ്ങൾ വിശദമായി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ നടപടി

140 (798)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലേക്കായി 1999-2000 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ എത്രതുക വകയിരുത്തിയിരുന്നു;

(സി) കഴിഞ്ഞ വർഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ആവശ്യമായ അധിക തസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സാമ്പത്തിക വർഷം എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ ഉദ്ദേശിക്കുന്നു;

(എഫ്) ഇതിനായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 18 എണ്ണം.

(ബി) 250 ലക്ഷം രൂപ.

(സി) ഇല്ല.

(ഡി) സാമ്പത്തിക അച്ചടക്ക ഉത്തരവ് പ്രാബല്യത്തിലുള്ളത് കാരണം കഴിഞ്ഞ വർഷം തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. എന്നാൽ സാമ്പത്തിക അച്ചടക്ക ഉത്തരവിൽ ഇളവുവരുത്തി നടപ്പ് സാമ്പത്തിക വർഷം ഇതിനായി തസ്തികകൾ സൃഷ്ടിക്കുന്നകാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(ഇ) 25 എണ്ണം

(എഫ്) 200 ലക്ഷം രൂപ

ഗവൺമെന്റ് ആശുപത്രികളിൽ ഈടാക്കുന്ന സർവ്വീസ് ചാർജ്

141 (799)ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഗവൺമെന്റ് ആശുപത്രികളിലും ഏതെല്ലാം വിധത്തിലുള്ള സേവനങ്ങൾക്കാണ് ചാർജ് ഈടാക്കുന്നത്;

(ബി) ഈ ചാർജ് ഈടാക്കാൻ തുടങ്ങിയത് എന്ന് മുതലാണെന്ന് വെളിപ്പെടുത്തുമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലും ഗവൺമെന്റ് ആശുപത്രികളിലും സേവനങ്ങൾക്കും മരുന്നുകൾക്കും ഈടാക്കുന്ന ഫീസ് എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് ചാർജ് ഈടാക്കുവാൻ ശ്രമം നടത്തിയിരുന്നുവോ; പിന്നീട് ഈ ശ്രമം ഉപേക്ഷിക്കേണ്ടതായി വന്നുവോ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കുമോ?

1180/2010.

LIBRARY ARCHIVES Kerala Legislative Assembly